ഒക്ടോബർ 2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3 ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph :2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ജോയ് ആന്റോ

സെന്റ് മേരീസ്
അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 28
ഒക്ടോബർ 2022
ലക്കം 9

[redacted]


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഓർമ്മക്കുക ആചരിക്കുക | 05 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 06 |
| മരിയനാദം പുതിയ ഭാരവാഹികൾ | 07 |
| കുടുംബകൂട്ടായ്മകേന്ദ്രസമിതി പുതിയ ഭാരവാഹികൾ | 08 |
| കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ | 09 |
| ആഗസ്റ്റ് 15 ഊട്ടുതിരുനാൾ വരവ് ചിലവ് | 10 |
| മതബോധനവാർത്തകൾ | 12 |
| പങ്കുവെയ്ക്കാം കവിത | 16 |
| ലീജിയൻ ഓഫ് മേരി വാർത്തകൾ | 17 |
| ജപമാല നമ്മുടെ ഏറ്റവും നല്ല പ്രാർത്ഥന | 18 |
| ലോഗോസ് ക്വിസ് | 19 |
| ജപമാല ബാങ്ക് | 21 |
| കഴുതയ്ക്കുണ്ടോ തലച്ചോറ് ? | 22 |
| ഞങ്ങൾ വരവായി | 23 |
| ഞങ്ങൾ ഒന്നായി | 23 |
| ഇടവകയിൽനിന്ന് മാറി പോയവർ | 23 |
| ചായക്കൂട്ട് | 24 |


## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

**മാനേജിംഗ് എഡിറ്റർ**
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

**അസോസിയേറ്റഡ് എഡിറ്റേഴ്സ്**
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504

**ട്രഷറർ**
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

**എഡിറ്റോറിയൽ മെമ്പേഴ്സ്**
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
ശ്രീ. **ജോഫിൻ കൊളങ്ങര** +91 8943554456
ശ്രീ. **ജോർജ്ജ് കൈപ്പറമ്പിൽ** +91 9447458560
ശ്രീ. **ഫ്രാൻസീസ് അറങ്ങാശ്ശേരി** +91 9847484720
ശ്രീമതി **സ്റ്റാർലിൻ വർഗ്ഗീസ്** +91 9496093192

**എക്സ് ഒഫിഷ്യോ മെമ്പർമാർ**
ശ്രീ. **മേജോ കെ.ജെ** +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി **ജോർളിൻ ജോഷി** +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

**നടത്തുകൈക്കാരൻ**
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

[redacted]

നടത്തുകൈക്കാരൻ
ശ്രീ. **ജെയിംസ് കളപ്പുരയ്ക്കൽ**
+91 9847551115

## പള്ളി ഓഫീസ് സമയം

**സാധാരണ ദിവസങ്ങളിൽ** 7.00 a.m. - 8.00 a.m.
6.00 p.m. - 8.30 p.m.
**ഞായർ** 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**

കപ്യാർ : **വിൽസൺ ആളൂർ കൊക്കൻ – +919745844551**

# എഡിറ്റോറിയൽ

ഒക്ടോബർ മാസം ജപമാല രാജ്ഞിക്കായി പ്രതിഷ്ഠിക്കപ്പെട്ട മാസം; ഒപ്പം വി.കൊച്ചുത്രേസ്യ, വി. ഫ്രാൻസിസ് അസ്സീസി, ഫി. ഫൗസ്റ്റീന, ആവിലായിലെ വി. ത്രേസ്യസ വി. യൂദാതദേവൂസ് എന്നീ വിശുദ്ധാത്മാക്കളുടെ തിരുന്നാളുകളും സഭ ആഘോഷിക്കുന്നു. പഞ്ചക്ഷതധാരികളും ഇക്കൂട്ടത്തിലുണ്ട്. ഇക്കൂട്ടർ ദിവ്യരഹസ്യങ്ങളുടെ പ്രകാശവഴികൾ ആഴത്തിൽ അറിയുകയാണ്. ഈ മിസ്റ്റിക്കുകൾ സ്വഷ്ടാവിന്റെ അനന്തസ്നേഹം നുകർന്ന് സ്വർഗ്ഗീയാനുഭൂതിയിൽ ഈ ഭൂമിയിൽ ജീവിക്കുന്നു. അവരുടെ ആ പ്രത്യേക അവസ്ഥയെ മനസ്സിലാക്കാൻ ഈ ലോകത്തിനാവുന്നില്ല. തന്റെ ശരീരം നിഷ്ക്കളങ്കാവസ്ഥയ്ക്ക് തടസ്സമാകുന്നുവെന്ന് കണ്ടാൽ, വിശുദ്ധിക്ക് പൂർണ്ണത വരുത്തുവാൻ റോസാച്ചെടിക്കുമേലെ വീഴും, രുചിയുള്ള ഭക്ഷണം ചാരം വിതറി കഴിക്കും, പുകഴ്ത്തുന്നതിനെ ശകാരമായി കാണും. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസീസ് അസ്സീസിയുടെ ജനനസമയത്ത് അമ്മ പീക്ക വളരെ ക്ലേശിക്കുന്നത് കണ്ട് ഒരാൾ ഇങ്ങനെ പറഞ്ഞു. "ആ കാണുന്ന തൊഴുത്തിലേക്ക് മാറ്റി കിടത്തൂ" എന്ന്. ഉടനെ സുഖപ്രസവം ലഭിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുൽക്കൂട്ടിലെ ഉണ്ണിയേശുവിനോട് ജനനം മുതലേ താദാത്മ്യം പ്രാപിക്കാനായിരിക്കാം അങ്ങനെ സംഭവിച്ചത്. ക്രൂശിതന്റെ ഉൾവിളി കിട്ടിയപ്പോൾ തന്നെ മാടമ്പിയാക്കാനുള്ള തന്റെ പിതാവിന്റെ ആഗ്രഹങ്ങളെല്ലാം വലിച്ചെറിഞ്ഞു. വി. ദമിയാനോസിന്റെ ദേവാലയത്തിലെ ക്രൂശിതരൂപം ഇങ്ങനെ സംസാരിച്ചു. തന്റെ ആലയം ജീർണ്ണിച്ചു അത് പുതുക്കി പണിയണം എന്ന്.

ഈ ഒക്ടോബർ മാസം നമ്മുടെ ഇടവക വലിയൊരു നവീകരണത്തിനുള്ള ഒരുക്കത്തിലാണ് ഹോം മിഷൻ, കപ്പൂച്ചിൻ ധ്യാനം, ജപമാലയുടെ ദിനങ്ങൾ, ഇവയെല്ലാം ഇതിനെ മാറ്റുകൂട്ടുന്നു. നമ്മുടെ ദേവാലയം നമുക്കോരോരുത്തർക്കും അവിടുത്തെ അടുത്തിരുന്ന് ആരാധിക്കാനുള്ള ഇടമാണ്. അത് കുറവുകളില്ലാത്തതായും നമ്മുടെ ഭവനങ്ങളേക്കാൾ ശ്രേഷ്ഠവുമാക്കേണ്ടത് നമ്മുടെ കടമയാണ്. എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. കർത്താവ് ഇവിടെയും ഫ്രാൻസിസിനോടും ആത്മീയനവീകരണത്തെ സൂചിപ്പിക്കുന്നു എന്നു നമുക്കറിയാം. അതോടൊപ്പം നമ്മുടെ ആത്മീയ ആവശ്യങ്ങൾക്ക് കൂദാശകളുടെ സ്വീകരണത്തിനായി നാം എത്തിച്ചേരുന്ന ദേവാലയം കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയല്ലാതാകുമോ? ഈ നിയോഗങ്ങൾ നമ്മുക്ക് ജപമാലയിലൂടെ അമ്മയുടെ വിമലഹൃദയം വഴി പരമപിതാവിന് സമർപ്പിക്കാം.

ഏവരേയും ജപമാല രാജ്ഞിയുടെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**പത്രാധിപസമിതി**

# ഇടയശബ്ദം



## കൂട് തുറന്നു വിടുന്നവനോ അതോ വളർത്തുനായയോ കുറ്റക്കാരൻ?

ഭാവി തലമുറയുടെ മേൽ കരിനിഴൽ വിഴ്ത്തിയിരിക്കുന്ന കാളക്കൂട വിഷമാണ് ലഹരി മരുന്നുകൾ. അത് കുട്ടികളെയും യുവജനങ്ങളേയും അവരുടെ ബോധ മനസ്സിനേയും ശരീരത്തേയും നശിപ്പിക്കുന്നു. ആധുനിക സിന്തറ്റിക് ഡ്രഗുകൾ. അവയുടെ ലഭ്യത തടയുവാൻ അതിന് കാരണക്കാരായ പണക്കൊതിയരായ കച്ചവടക്കാരേയും അവർക്ക് ചുവട് കിളച്ച് വളമിടുന്ന രാഷ്ട്രീയ പിൻബലമുള്ള നേതാക്കളും അവർക്ക് കുട പിടിക്കുന്ന എക്സൈസ് - പോലീസ് സേനകരിൽപ്പെട്ട ചിലരും കാരണക്കാരാണ് എന്നത് സത്യമാണ്. 1026 കോടി രൂപയുടെ മയക്കുവരുന്നാണെത്രെ ഗുജറാത്ത് തുറമുഖം വഴി ഇന്ത്യയിലെത്തിച്ചത്. എന്ത് നോക്കിയിരിക്കുകയാണ് ഇവിടുത്തെ നിയമ സംവിധാനങ്ങൾ? ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കരയിലും കടലിലും ജാഗ്രത പുലർത്താൻ സംവിധാനങ്ങളില്ലാത്തതല്ല നമ്മുടെ പ്രശ്നം അതിന് ചങ്കൂറ്റമുള്ള നേതാക്കളും നിയമ പാലകരുമില്ല. ഇവിടെ നിയമം നടപ്പിലാക്കേണ്ടവർ തന്നെ നിയമം ലംഘിക്കുന്ന കാഴ്ചയാണ് ശോചനീയമായിട്ടുള്ളത്.

Action Hero Biju എന്ന നിനിമയിൽ കാണുന്ന രസകരമായ ഒരു സീനുണ്ട്. കടിച്ച നായയെയല്ല അതിന് കാരണക്കാരനായ ഉടമസ്ഥനെ നായകൻ കൈകാര്യം ചെയ്യുന്ന രീതി. അത് തന്നെയല്ലേ ഇവിടെയും നമുക്കാ

വശ്യമായി വരുന്നത്. നാടുനീളെ മദ്യഷാപ്പുകൾ തുറന്നു വച്ചിട്ട് നിങ്ങൾ മദ്യപിക്കരുത്, മദ്യം ആരോഗ്യത്തിന് ഹാനികരമാണ് എന്നൊക്കെ എഴുതിവച്ചിട്ട് വല്ല കാര്യവുമുണ്ടോ ? എന്താണ് നമ്മുടെ നാടിന് പറ്റിയത്? ഒരു വശത്ത് ലഹിരി വേറൊരു ഭാഗത്ത് മത തീവ്രവാദം കൂട്ടത്തിൽ കുറേ നാസ്തിക വാദികളും. ദൈവം എന്നത് ഹാരി പോർട്ടറെ പോലെ ഒരു ഭാവന സൃഷ്ടിയാണത്രെ, കഷ്ടം!! മതപുസ്തകളല്ല ഗവേഷണ പഠനങ്ങളാണ് മാനവ പുരോഗതിക്കാവശ്യ വഴികാട്ടിയാകുന്നത് എന്നാണ് അവരുടെ വാദം. കോവിഡ് പോലെ ഒരു മഹാമാരി കാൽചുവട്ടിൽനിന്ന് പോയിട്ടില്ല, മനുഷ്യർ ലക്ഷകണക്കിന് ചത്തൊടുങ്ങിയിട്ടും കോവിഡിന്റെ സാന്നിദ്ധ്യം പോലും തിരിച്ചറിയാനാകാത്ത വിധത്തിൽ മനുഷ്യൻ അന്ധാളിച്ച് നിന്നിട്ടും ശാസ്ത്രം മാത്രമാണ് എല്ലാം എന്ന് എങ്ങനെ ചിന്തിക്കാനാകും? ഇനിയും മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത ഈ മഹാമാരിക്ക് എന്തുത്തരമാണ് ശാസ്ത്രത്തിന് നൽകാനാകുക? പരിമിതമായ മനുഷ്യന്റെ ബുദ്ധിക്ക് കാരണമായ ദൈവീക ശക്തികളെ എങ്ങിനെ നിരാകരിക്കാനാകും, ആ അസ്ഥിത്വത്തെ എങ്ങിനെ തള്ളികളയാനാകും? മനുഷ്യന്റെ അമിതമായ ഭൗതിക വാദവും, നിരീശ്വര ചിന്താ സരണികളും അല്ലേ അവനെ ജഢികതയിൽ തളച്ചിട്ടത്.

മാതാപിതാക്കളേ ഉണരുക. നിങ്ങൾ നിങ്ങളുടെ മക്കളുടെ ആദർശമാവട്ടെ. നിഷേധാത്മക കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ നിങ്ങൾ അവരെ പഠിപ്പിക്കുക ഒപ്പം നിങ്ങളും. ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരുക്കുന്നവൻ പാപം ചെയ്യുന്നു. (യാക്കോബ് 4: 17)

ഒത്തിരി സ്നേഹത്തോടെ

**ജെയ്സനച്ചൻ**




# ഓർമ്മിക്കുക ആചരിക്കുക

| ഒക്ടോബർ | | |
|---|---|---|
| 1-10-22 | ശനി | വി. കൊച്ചുത്രേസ് |
| 4-10-22 | ചൊവ്വ | വി. ഫ്രാൻസിസ് അസ്സീസി |
| 8-10-22 | ശനി | വി. ശെമയോൻ |
| 10-10-22 | തിങ്കൾ | വി. ഫ്രാൻസിസ് ബോർജിയ |
| 15-10-22 | ശനി | ആവിലായിലെ വി. ത്രേസ്യ |
| 17-10-22 | തിങ്കൾ | വി. ഇഗ്നേഷ്യസ് |
| 18-10-22 | ചൊവ്വ | വി. ലൂക്കാ |
| 21-10-22 | വെള്ളി | വി. ഉർസുള |
| 22-10-22 | ശനി | വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ |
| 28-10-22 | വെള്ളി | വി. യൂദാശ്ലീഹാ |

# ആദരാഞ്ജലികൾ



## സി. മേരി ചാലിശ്ശേരി

**സെന്റ് തോമസ് യൂണിറ്റ്**

Born - 24 March 1934
First Profession - 24 May 1957
Final Profession - 06 July 1964
Returned Home - 01 October 2022

Sisters of Mary Immaculate

Sister of Jaseetho Chalissery (late)

1. Cana Dine ഹാളിന്റെ മുമ്പിലെ വഴി ഇന്റർലോക്കിങ്ങ് ടൈൽസ് പാകുന്നതിനും അതിന് ക്വട്ടേഷൻ സ്വീകരിക്കാനും തീരുമാനിച്ചു.
3. അയ്യന്തോൾ ദേശം പുലിക്കളി സംഘാടകസമിതി നൽകിയ അപേക്ഷ പരിഗണിക്കുകയും സെ. ജോസഫ് ഹാളിന് ബുക്കിങ്ങ് ഇല്ലാത്ത പക്ഷം caution deposit, cleaning തുടങ്ങിയ എല്ലാ ഉത്തരവാദിത്വങ്ങളും സംഘാടകസമിതി ഏറ്റെടുത്ത് ടി ഹാൾ അവർക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചു.
4. സെ. സേവിയേഴ്സ് കുടുംബകൂട്ടായ്മയുടെ അപേക്ഷ പരിഗണിച്ച് ക്ലീനിംഗ് ചാർജ്ജ് ഇടാക്കി സെ. മേരീസ് ഹാൾ വിട്ടുകൊടുക്കാൻ തീരുമാനിച്ചു.
5. പുതിയ പള്ളി പണിയുന്നതിനുള്ള പൊതുയോഗ തീരുമാനപ്രകാരം മുന്നോട്ട് പോകുന്നതിന് പ്രതിനിധിയോഗം ഐക്യകണ്ഠേന തീരുമാനമെടുത്തു.
6. ഹാളുകളുടെ കെയർ ടേക്കർ, ക്ലീനിംഗ് ചാർജ്ജസ് പുതുക്കി നിശ്ചയിച്ചു. പുതിക്കിയ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| കെയർ ടേക്കർ | പഴയ നിരക്ക് | പുതിയത് |
|---|---|---|
| സെ. ജോസഫ് ഹാൾ | Rs. 650/- | Rs. 900/- |
| സെ. മേരീസ് ഹാൾ | Rs. 250/- | R-s. 400/- |
| Cana Dine ഹാൾ | | Rs. 500/- |
| ക്ലീനിംഗ് ചാർജ്ജുകൾ | | |
| സെ. ജോസഫ് ഹാൾ | Rs. 400/- | Rs. 700/- |
| സെ. മേരീസ് ഹാൾ | Rs. 200/- | R-s. 300/- |
| Cana Dine ഹാൾ | | Rs. 400/p |
| പള്ളി അകം | Rs. 500/- | Rs. 800/- |
| പള്ളി മേട | Rs. 250/- | Rs. 400/- |
| ഷോപ്പിംഗ് കോംപ്ലക്സ് | Rs. 100/- | Rs. 200/- |

7. ഒക്ടോബർ 1 മുതൽ 15-ാം തിയ്യതി വരെ ഹോം മിഷൻ ആരംഭിക്കും. ബഹു. സിസ്റ്റേഴ്സിന് താമസം, ഭക്ഷണം മുതലായവ ഇടവകയുടേയും യൂണിറ്റുകളുടേയും നേതൃത്വത്തിൽ ക്രമീകരിക്കാൻ തീരുമാനിച്ചു. അതാത് ദിവസം ഹോം മിഷൻ നടത്തുന്ന വീടുകളിൽ ഒന്നിൽ അന്നേ ദിവസം വി. കുർബാന നടത്താനുള്ള ക്രമീകരണം നടത്താനും തീരുമാനിച്ചു.
8. കപ്പൂച്ചിൻ മിഷൻ ധ്യാനം ഒക്ടോബർ 16 മുതൽ 22 വരെ നടത്തുവാനും അതിനുള്ള ഒരുക്കങ്ങൾ നടത്താനും തീരുമാനിച്ചു. പാസ്ട്രൽ വിസിറ്റ് ഉണ്ടായിരിക്കും എന്ന് അറിയിച്ചതിനെ തുടർന്ന് ആയതിന് വേണ്ട ഒരുക്കങ്ങൾ നടത്താൻ ബഹു. വികാരിയച്ചനേയും കൈക്കാരന്മാരേയും ചുമതലപ്പെടുത്തി.
9. പ്രതിനിധിയോഗ അംഗങ്ങൾ കഴിഞ്ഞ 3 കൊല്ലത്തെ കൈക്കാരന്മാർ എന്നിവരെ ഉൾപ്പെടുത്തി വിനോദയാത്ര പോകാൻ തീരുമാനിച്ചു.

**സെക്രട്ടറി : അഡ്വ. ബിനിത ക്രൈസ്റ്റ്**

# പത്രാധിപസമിതി

## 2022 – 2025



ഫാ. ജെയ്സൻ പുന്നശ്ശേരി
ചീഫ് എഡിറ്റർ



ജേക്കബ്ബ് തോലത്ത്
മാനേജിംഗ് എഡിറ്റർ



Mrs. ഗ്രേസി ജോണി



Adv. നെറ്റോ നെല്ലിശ്ശേരി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്



Mrs. ത്രേസ്യാമ്മ ജേക്കബ്ബ്
ട്രഷറർ

## എഡിറ്റോറിയൽ മെമ്പേഴ്സ്



സി. കാതറിൻ CHF



Mrs. സ്റ്റാർലിൻ വർഗ്ഗീസ്



ജോർജ്ജ് കെ. എൽ



ജോഫിൻ ജോൺ



ഫ്രാൻസീസ് അറങ്ങാശ്ശേരി



ടോണി തരകൻ



ജെയ്സൺ കൂള



ജെയിംസ് കളപ്പുരക്കൽ

## എക്സ് ഒഫിഷ്യോ മെമ്പേഴ്സ്



മേജോ കെ. ജെ.



ജോർലിൻ ജോഷി

[redacted]



**മേജോ കെ.ജെ.**
കൺവീനർ



**ജോർലിൻ ജോഷി**
സെക്രട്ടറി



**വിൽസൺ കെ.ആർ.**
ട്രഷറർ



**ടോണി തരകൻ**
ജോ. കൺവീനർ



**മേരി ലാസർ**
ജോ. കൺവീനർ



**പ്രിൻസ് വിൻസെന്റ്**
ജോ. സെക്രട്ടറി



**ആർദ്ര ജോമോൻ**
ജോ. സെക്രട്ടറി



**Adv.നെറ്റോ നെല്ലിശ്ശേരി**



**സെബാസ്റ്റ്യൻ ഒഴുകയിൽ**

നോമിറ്റഡ് മെമ്പേഴ്സ്

## മരിയനാദം എഡിറ്റോറിയിൽ ബോർഡിൽനിന്ന് വിരമിക്കുന്നവർ

[redacted]



**കെ.എം. മാത്യു**



**സ്റ്റീഫൺ മാപ്രാണം**



**ജെൻസി ജൂപിറ്റർ**



**ജിതിൻ ജോജു**



**സെജിൻ സെബി**

**2019 – 2022 കാലയളവിൽ മരിയനാദം എഡിറ്റോറിയൽ ബോർഡിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചവർക്ക് അഭിനന്ദനങ്ങൾ**



അഭിവന്ദ്യ

**ടോണി നീലങ്കാവിൽ പിതാവിന്**

അയ്യന്തോൾ

ഇടവകയിലേയ്ക്ക് സ്വാഗതം

## 28-ാം ചരമവാർഷികം



# T.I. ANTONY

Retd. Asst. Commissioner of
Sale Tax & Agricultural Income Tax

Born : 16.01.1921
Died : 16.09.1992



## 12-ാം ചരമവാർഷികം



# N.A. ANNAKUTTY

Retd. Agricultural Income Tax
Officer

Born : 12.06.1924
Died : 24.10.2008

Fondly remembered by
Children, in-laws & Grand Children

# സ്വർഗ്ഗത്തിൽ 7-ാം പിറന്നാൾ

**21.09.2022**



## തങ്കമ്മ തോമസ്

**കണ്ണനായ്ക്കൽ കാഞ്ഞിരപറമ്പിൽ ഹൗസ്**

**അയ്യന്തോൾ**

**ജനനം : 06.10.1942   മരണം : 21.09.2015**

പ്രാർത്ഥനാപൂർവ്വം : കുടുംബാംഗങ്ങൾ

**Jones**

സെന്റ് ആന്റണീസ് യൂണിറ്റ്

# 28-ാം ചരമവാർഷികം

31-10-2022



## കൈപ്പറമ്പിൽ ഔസേഫ്

# ലോനപ്പൻ

ജനനം : 07.10.1923    മരണം : 31.10.1994

സ്നേഹപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് യൂണിറ്റ്

[redacted]

18.09.2022ന് രാവിലെ ആദ്യത്തെ കുർബാനയ്ക്കുശേഷം 8.15ന് കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ജനറൽ ബോഡി യോഗം പാരിഷ് ഹാളിൽ വെച്ച് കേന്ദ്രസമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരി, സ്വാഗതവും, സെക്രട്ടറി മേരി ടീച്ചർ വാർഷിക റിപ്പോർട്ടും, ട്രഷറർ ജോസഫ് കണക്കും അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. അതിനുശേഷം 2022 - 2025 വർഷത്തേക്കുള്ള പുതിയ കേന്ദ്രസമിതി ഭാരവാഹികളെ തെരഞ്ഞെടുത്തു.

മരിയനാദത്തിന്റെ 2022-2025 വർഷത്തേക്കുള്ള മാനേജിംഗ് എഡിറ്ററായി ശ്രീ. ജേക്കബ് തോലത്തിനേയും, അസോസിയേറ്റ് എഡിറ്റർമാരായി അഡ്വ. നെറ്റോ നെല്ലിശ്ശേരിയേയും, ശ്രീമതി. ഗ്രേയ്സി ജോണിയേയും തെരഞ്ഞെടുത്തു. **കുടുംബങ്ങൾ ക്രിസ്തു കേന്ദ്രീകൃത ജീവിതം നയിക്കണമെന്നും, യുവജന സമ്പത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും, ഇടവകയോടും, സഭയോടൊപ്പം ആബാലവൃദ്ധ ജനങ്ങൾ കൂട്ടായി പ്രവർത്തിക്കണമെന്ന് കേന്ദ്രസമിതി കൺവീനർ ശ്രീ. മേജോ കെ.ജെ. അഭിപ്രായപ്പെട്ടു.**
ഇടവകമദ്ധ്യസ്ഥയായ കരേറ്റ മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് പുതിയ ഭാരവാഹികൾ ചാർജ്ജെടുത്തു.

യോഗത്തിൽ മുൻ കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശരിയുടെ നേതൃത്വത്തിന് യോഗം നന്ദി രേഖപ്പെടുത്തുകയും, പുവർ ഫണ്ട് കളക്ഷന് നേതൃത്വം വഹിച്ച ശ്രീമതി മേരി ലാസർ കോനിക്കരയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. കൃത്യമായും വ്യക്തമായും കണക്കുകൾ സൂക്ഷിച്ച ശ്രീ. ജോസഫിന്റെ പ്രവർത്തനങ്ങൾ ഏറെ പ്രശംസിച്ചു.
9.15ന് സ്നേഹവിരുന്നോടെ യോഗം പര്യവസാനിച്ചു.

**ജോർലിൻ ജോഷി**
കേന്ദ്രസമിതി സെക്രട്ടറി

[redacted]

**ഇടവകയിൽ സേവനം ചെയ്ത എല്ലാ കൈക്കാരന്മാരുടെയും സംഗമം 31-10-2022 ഞായറാഴ്ച ആദ്യ കുർബ്ബാനയ്ക്കുശേഷം നടത്തുന്നു.**

**വികാരി**

# 2022 ആഗസ്റ്റ് 15

## ഊട്ട് തിരുനാൾ വരവ്

| | |
|---|---|
| 1. സെന്റ് ജോസഫ് യൂണിറ്റ് | 33,810/- |
| 2. സെന്റ് ആന്റണീസ് യൂണിറ്റ് | 39,625/- |
| 3. ലിറ്റിൽ ഫ്ളവർ യൂണിറ്റ് | 53,650/- |
| 4. സെന്റ് മേരീസ് യൂണിറ്റ് | 30,680/- |
| 5. സെന്റ് അൽഫോൻസ യൂണിറ്റ് | 11,160/- |
| 6. ഹോളി ഫാമിലി യൂണിറ്റ് | 21,550/- |
| 7. ഹോളി ട്രിനിറ്റി യൂണിറ്റ് | 34,925/- |
| 8. ക്രിസ്തുരാജ യൂണിറ്റ് | 18,300/- |
| 9. സെന്റ് തോമസ് യൂണിറ്റ് | 19,322/- |
| 10. സെന്റ് സേവ്യാർ യൂണിറ്റ് | 30395/- |
| 11. സെന്റ് പോൾസ് യൂണിറ്റ് | 14,200/ |
| 12. സെന്റ് പീറ്റർ യൂണിറ്റ് | 14,740/- |
| 13. സെന്റ് ജോൺസ് യൂണിറ്റ് | 16,071/- |
| 14. മഡോണ യൂണിറ്റ് | 17,600/- |
| 15. സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് | 23,210/- |
| **ആകെ** | **3,79,238** |
| മറ്റു സംഭാവനകൾ | 6,500/- |
| കിരീടം വഴിപാട് | 9,160/- |
| പാർസൽ വിറ്റ് വരവ് | 41,870/- |
| നേർച്ച ഭണ്ഡാരം (രൂപക്കൂട്) | 34,477/- |
| നേർച്ചപ്പെട്ടി (പള്ളിയകം, ഗ്രോട്ടോ, കപ്പേള) | 26,364/- |
| നവനാൾ കാഴ്ചസമർപ്പണം | 30,940/- |
| **മൊത്തം** | **5,28,549/** |

# 2022 ആഗസ്റ്റ് 15

## ഊട്ട് തിരുനാൾ ചിലവ്

| | |
|---|---|
| 1. പാർസൽ പാത്രങ്ങൾ (ഊണ്, പായസം) | 19,000/- |
| 2. പത്രപരസ്യം, ഫ്ളക്സ് ബോർഡുകൾ | 8,500/- |
| 3. തിരുനാൾ നോട്ടീസ് | 6,000/- |
| 4. ബാന്റ് സെറ്റ് | 30,000/- |
| 5. പാചക പലവക സാധനങ്ങൾ | 19,770/- |
| 6. പച്ചക്കറി മാത്രം | 23,850/- |
| 7. പലചരക്ക് (ക്വട്ടേഷൻ) | 80,000/- |
| 8. ഗ്യാസ് (13 എണ്ണം) | 24,920/- |
| 9. ഫോട്ടോ + ആൽബം | 5,000/- |
| 10. ചായ, കടി (2 ദിവസം) - അച്ചന്മാർ | 4,950/- |
| 11. പടക്കം മുതലായവ | 16,992/- |
| 12. പാത്രം കഴുകൽ, വൃത്തിയാക്കൽ (4 ദിവസം) | 9,200/- |
| 13. പട്ടുകുട വാടക | 4,000/- |
| 14. നേർച്ച ഉണ്ണിയപ്പം (15ന്) | 7,500/- |
| 15. മേശ, പന്തൽ അലങ്കാരം (സെബി) | 24,500/- |
| 16. പ്ലേയ്റ്റ് വാടക (3425) + പൊട്ടിയത് (96) | 8,000/- |
| 17. സൗണ്ട് & ലൈറ്റ് (Finex) | 40,000/- |
| 18. ബീഫ് (14ന് രാത്രി) 10 kg. | 3500/- |
| 19. പുഷ്പാലങ്കാരം | 9,800/- |
| 20. ലൈവ് മീഡിയ | 6,000/- |
| 21. അരങ്ങ് കുരുത്തോല വെട്ടിയത് | 2,960/- |
| 22. നവനാൾ വൈദികർക്ക് (10 ദിവസം) | 13,500/- |
| 23. പാചകക്കാരൻ & പാർട്ടി | 58,200/- |
| 24. പലവക | 2,250/- |
| ആകെ | 4,28,392/- |

# മതബോധനവാർത്തകൾ

സ്നേഹമുള്ള മാതാപിതാക്കളേ, വിദ്യാർത്ഥികളെ,

ദൈവവചനകേന്ദ്രീകൃത വിശ്വാസപരിശീലനവർഷത്തിലെ അദ്ധ്യാപകർക്കായി സെപ്തംബർ 4, 5, 6, 7 എന്നീ ദിവസങ്ങളിൽ നടത്തപ്പെട്ട 'വചനാഗ്നി 2022' ബൈബിൾ കൺവൻഷനിൽ നമ്മുടെ അധ്യാപകർ പങ്കെടുത്ത് ആത്മീയ ഉണർവ് നേടുകയുണ്ടായി. വചനാഗ്നി 2022 ന്റെ വിജയത്തിനായി പ്രാർത്ഥിച്ച എല്ലാവരോടും യൂണിറ്റിന്റെ നന്ദി രേഖപ്പെടുത്തുന്നു.

സെപ്തംബർ 25-ാം തിയ്യതി ഞായറാഴ്ച രാവിലെ നടത്തിയ ബൈബിൾക്വിസ് പരീക്ഷയിലും അന്നേദിവസം ഉച്ചതിരിഞ്ഞ് നടത്തിയ ലോഗോസ് ക്വിസ് പരീക്ഷയിലും പങ്കെടുത്ത് വചനങ്ങൾ പഠിച്ച എല്ലാവർക്കും അഭിനനങ്ങൾ. നമ്മുടെ വിശ്വാസപരിശീലനത്തിൽ 5-ാം ക്ലാസുമുതലുള്ള വിദ്യാർത്ഥികൾക്ക് ഒരു വർഷം കൊണ്ട് വായിച്ചുതീർക്കാവുന്ന സമ്പൂർണ്ണ ബൈബിൾ പാരായണത്തിന്റെ ഭാഗമായി, ഓരോ ആഴ്ചയിലും വായിക്കേണ്ട ഭാഗങ്ങളുടെ ചാർട്ട് ക്ലാസ്ടീച്ചർമാർ അതാത് ക്ലാസ്സിലെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറുണ്ട്. ആ ചാർട്ട് അനുസരിച്ച് നമ്മുടെ മക്കൾ ബൈബിൾ പാരായണം നടത്തുന്നുണ്ടെന്ന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞമാസം ഓർമ്മിപ്പിച്ചത് പോലെ നമ്മുടെ വിദ്യാർത്ഥികളുടെ വിശ്വാസപരിശീലന അർദ്ധവാർഷിക പരീക്ഷകൾ ക്ലാസ് 1, 3, 5, 7, 9, 11 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 9-ാം തിയ്യതിയും ക്ലാസ് 2, 4, 6, 8, 10, 12, എസിസി എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 16-ാം തിയ്യതി ഞായറാഴ്ചയുമായിരിക്കും നടത്തപ്പെടുക. പരീക്ഷാസമയം ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണി വരെ ആയിരിക്കും. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ അന്നേദിവസം കൃത്യം 1.45ന് തന്നെ നിർമ്മല കോൺവെന്റ് സ്കൂളിൽ എത്തിച്ചേരേണ്ടതാണ്. പരീക്ഷയുള്ള വിദ്യാർത്ഥികൾക്ക്, ആ ദിവസം കാലത്ത് വിശ്വാസപരിശീലനക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. അതേസമയം ഞായറാഴ്ചയുള്ള നമ്മുടെ ദിവ്യബലിയിൽ മുടക്കംകൂടാതെ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസം മാതാവിന്റെ ജപമാല മാസാചരണമാണല്ലോ... നമ്മുടെ ഇടവകയിൽ നടത്തപ്പെടുന്ന ഹോംമിഷൻ, കപ്പൂച്ചിൻ ധ്യാനം, ജപമാലാചരണം, ഇടയസന്ദർശനം എന്നീ പ്രവർത്തനങ്ങളിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്ത് കൂടുതൽ ആത്മീയ ചൈതന്യം ഉൾക്കൊള്ളുവാനും അങ്ങനെ നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകാനും ഏവർക്കും പരിശുദ്ധാത്മാവിന്റെ കൃപയുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഉപകാരസ്മരണ



## ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

ഒരു വിശ്വാസി







*Angel Mariya*

D/o. Mrs. Sheeja Jack &
Mr. Jack C.J.
Chungath House, Ayyanthole P.O.
Thrissur



Sharing the Happiness : Jais J. Chungath

Wedded on

04-09-2022





*Jenson*

S/o. Mrs. Omana Sunny
& Sunny C.T.
Chirayath House, Meppadam
Thekkumkkara P.O., Thrissur





# 23-ാം ചരമവാർഷികം



## വെള്ളേപ്പറമ്പിൽ കുരിയപ്പൻ
## ഇനാശു

ജനനം : 02.07.1961 മരണം : 19.10.1999

സ്നേഹപൂർവ്വം
കുടുംബാംഗങ്ങൾ

ഒക്ടോബർ 23, മിഷൻ ഞായർ. അതിനോടനുബന്ധിച്ച് വിദ്യാർത്ഥികളിലൂടെ സോപ്പ്, ടവൽ, ടൂത്ത് പേസ്റ്റ് എന്നീ സാധനങ്ങൾ ശേഖരിച്ച് അർഹതപ്പെട്ടവർക്ക് നൽകുവാനുള്ള ഒരു പദ്ധതി പി.ടി.എ. ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ പദ്ധതി വിജയിപ്പിക്കുവാൻ ഓരോ മാതാപിതാക്കളോടും വിദ്യാർത്ഥികളോടും പ്രത്യേകം ആഹ്വാനം ചെയ്യുന്നു. വിശദമായ വിവരങ്ങൾ ക്ലാസ്ടീച്ചേഴ്സ് മുഖാന്തിരം നിങ്ങളെ അറിയിക്കുന്നതായിരിക്കും.

2022 - 2023 വർഷത്തെ ഇടവക വിശ്വാസപരിശീലനദിനം നാം നവംബർ 13 - ാം തിയ്യതി ഞായറാഴ്ച വളരെ വിപുലമായി ആഘോഷിക്കുന്നു. അന്നേദിവസം ഉച്ചതിരിഞ്ഞ് 3 മണിക്ക് നടത്തപ്പെടുന്ന പൊതുസമ്മേളനം അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ഫ്രാൻസീസ് ആളൂർ ഉദ്ഘാടനം ചെയ്യുന്നതാണ്. ആ പൊതുസമ്മേളനത്തിൽ വെച്ച് 2019 - 2020, 2020 - 2021, 2021 - 2022 കാലഘട്ടത്തിൽ എൻഡോവ്മെന്റ്, റാങ്കുകൾ എന്നിവ കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. അന്നേദിവസം ആദരിക്കുന്നവരുടെ പേരുവിവരങ്ങൾ താഴെ നൽകുന്നു.

## എൻഡോവ്മെന്റിന് അർഹരായവർ

| | | | |
|---|---|---|---|
| IA | കാതറിൻ സി ജോസ് | ജോവാൻ ജോഷി | സ്റ്റീന ബിജു |
| IB | ആരോഹ സി ബിജോയ് | | ജോവിനിയൻ ജോയ് |
| IIA | ജോസഫ് ജോർജ്ജ് | എവ അൽഫോൻസ് | ജോവാൻ ജോഷി |
| II B | അനീറ്റ പ്രിൻസ് | | |
| III A | ജോവാൻ ജെ. ആലപ്പാട്ട് | തെരേസ ലിൻഡോ | ജെറാൾഡ് വിൽസൺ |
| III B | | | ആരോഹ സി. ബിജോയ് |
| IVA | റോഹൻ ജെ.പി. | ജോവാൻ ജെ. ആലപ്പാട്ട് | ഹെലൻ മേരി ബ്രൈറ്റ് |
| IV B | ഇമ്മാനുവേൽ പി.എസ്, | അനിറ്റ പ്രിൻസ് | |
| VA | ജെന്ന മേരി ജോബി | അതുൽ വിനോദ് | ജോവാൻ ജെ. ആലപ്പാട്ട് |
| V B | | | ആഷ്ലിൻ ജോണി |
| VIA | എയ്ഞ്ചൽറോസ് ജോഷി | ജെറമേരി ജോബി | ജർമേൽ മരിയ ജോയ് |
| VI B | എയ്ഞ്ചൽ റോസ് പി.ജെ. | | റോഹൻ ജെ.പി. |
| VIIA | ജാക്വിലിൻ ജോണി | രോഹിത് ജെ.പി. | ജെന്ന മേരി ജോബി |
| VII B | | | |
| VIIIA | അന്ന ജോസഫ് കെ. | ജാക്വിലിൻ ജോണി | റൈസ റസ്സൽ |
| VIII B | ആൻ തെരേസ ജോർജ്ജ് | | സ്മിയ മരിയ ജോമി |
| IXA | ക്രിസ്റ്റീന ബിജു | അന്ന ജോസഫ് കെ. | ഐറിൻ എൻ.ഡി. |
| IX B | | | |
| XA | ദേവ് പോൾ ജോയ് കെ. | നിയറോസ് വിൽസൺ | ജെൻസി റോസ് ജെൻസൺ |
| X B | | | അന്ന ജോസഫ് കെ. |

| | | | |
|---|---|---|---|
| XI | ദേവപ്രതാപ് ജോയ് കെ | എയ്ഞ്ചൽ ജെൻസൺ | നിയ റോസ് വിൽസൺ |
| XII | ആൻമേരി ആലപ്പാട്ട് | ദേവപ്രതാപ് ജോയ് കെ. | ദേവ്പോൾ ജോയ് കെ. |
| | | | എയ്ഞ്ചൽ ജെൻസൺ |

## സെക്കന്റ് റാങ്ക് ലഭിച്ചവർ

| | | | |
|---|---|---|---|
| IA | മെൽവിഷ് ടോണി | എസ്ന ഗ്രേസ് | ഹെൻട്രി ജസ്റ്റിൻ |
| I B | അൻഡ്രിയ ഫ്രെഡി | ഗ്രേയ്സ് ഗിഫ്റ്റി | അക്കിര ട്രീസ അലക്സ് |
| IIA | തെരേസ ലിൻസോ | ആരോഹ ബിജോയ് | ഗ്രേയ്സ് ഗിഫ്റ്റി |
| II B | | | അസ്‌ലിൻ സിജോ |
| III A | എമിൻ ജോസ് ഡെന്നി | അനിറ്റ പ്രിൻസ് | ലിയ റോസ് കെ, |
| III B | ആഷ്‌ലിൻ ജോണി | എമൈൻ | ഇവ അൽഫോൺസ് |
| IVA | അതുൽ വിനോദ് | ആഷ്‌ലിൻ ജോണി | സനയാ ഫിലിപ്പ് |
| IV B | അവിൻ തറയിൽ | | ജോഹൻ സെബാസ്റ്റ്യൻ |
| VA | ഹെയ്സ് സിജോ | ഷിയോൺ ഷാജു | എമിൻ ജോസ് ഡെന്നി |
| V B | | തഷ്നീൻ തോമസ് | അഹാന റോസ് കെ. |
| VIA | അന്ന മരിയ | എയ്ഞ്ചൽ മേരി കെ. ഡി. | ഇമ്മാനുവേൽ എ.എസ്. |
| VI B | എയ്ഞ്ചൽ ശ്രേയ C.J | | അവിൻ തറയിൽ |
| VIIA | ഐറിൻ എൻ.സി. | സ്മിയ മരിയ, ബാജിയോ | എയ്ഞ്ചൽ മേരി കെ.സി. |
| VII B | സ്നിഗ്ദ തെരേസ് | | |
| VIII A | അലീന ജോബി | റാണിപോൾ | ആൻട്രീസ |
| VIII B | ജെൻസി റോസ് | ഐറിൻ എൻ.സി. | അന്നമരിയ |
| IXA | നിയ റോസ് വിൽസൺ | ആൻ തെരേസ ജോർജ്ജ് | ജാക്വിലിൻ ജോണി |
| XA | സ്റ്റീവ് ജോൺ റോയ് | മെറിൻ സാറ ആലപ്പാട്ട് | ആൻ തെരേസ ജോർജ്ജ് |
| X B | എയ്ഞ്ചൽ ജെൻസൺ | | ജോയ്സ് സാബുരാജ് |
| XI | റോസ്മേരി വി.എസ്. | ദേവ്പോൾ ജോയ് കെ. | സാൻവിയ ജോബി |
| XII | പയസ് ടോണി സി | അലൻപോൾ ആലപ്പാട്ട് | സെബിൻ സേവിയർ |

ഇടവക വിശ്വാസപരിശീലന ദിനാഘോഷങ്ങൾക്ക് എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത് പോലെ വിശുദ്ധിയിൽ വളരാനുള്ള അടിസ്ഥാന പ്രാർത്ഥനയായ പരിശുദ്ധ ജപമാല അനുദിനം ചൊല്ലിക്കൊണ്ട് നമുക്ക് പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളരാം.

**ഡോ. ജോയ് കരേരക്കാട്ടിൽ**
(പ്രിൻസിപ്പാൾ)



**മികച്ച സാമൂഹ്യ പ്രവർത്തകന് കത്തോലിക്ക കോൺഗ്രസ്സ് ഡോളേഴ്സ് ഫൊറോന ഏർപ്പെടുത്തിയ 'ക്രിസ്റ്റോസ് 2022' ട്രോഫി, അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ പള്ളി ഇടവക അംഗം ജെയിംസ് മുട്ടിക്കലിന് മാർ ടോണി നീലങ്കാവിൽ നൽകുന്നു**

# അഭിനന്ദനങ്ങൾ



CMA Final Exam ൽ State Level ൽ ഒന്നാം സ്ഥാനവും All India Ranking ൽ 35-ാമത് സ്ഥാനവും നേടിയ അയ്യന്തോൾ സെന്റ് സെബാസ്റ്റ്യൻ യൂണിറ്റംഗവും കെ.സി.വൈ.എം. യൂണിറ്റ് ട്രഷററുമായ **ഡെൻസ് ഡെവിസിന്** ഇടവകയുടെ അഭിനന്ദനങ്ങൾ

# അഭിനന്ദനങ്ങൾ



കേരള ആരോഗ്യ സർവകലാശാല എം.ഡി. ഫാർമക്കോളജി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ തൃശൂർ ഗവ. മെഡിക്കൽ കോളേജിലെ

**ഡോ. ശിൽപ ജോണിന്**

ഇടവകയുടെ അഭിനന്ദനങ്ങൾ.

ഡോ. ശിൽപ ജോൺ അയ്യന്തോൾ സെന്റ് അൽഫോൺസ യൂണിറ്റംഗവും ജോൺ ജെ. തലക്കോട്ടൂരിന്റെയും ഡോ. എം.ജെ. സലോമിയുടെയും മകളുമാണ്.

# പങ്ക് വെയ്ക്കാം

**ശോഭ ആന്റോ**
ഹോളി ട്രിനിറ്റി യൂണിറ്റ്



സ്വപ്നങ്ങളൊക്കെയും പങ്ക് വെയ്ക്കാം
ദുഃഖഭാരങ്ങളും പങ്ക് വെയ്ക്കാം
എൻ ജീവിത തോണിയിൽ അമരത്തിരിക്കുന്ന
സർവ്വ ശക്തനോട് ഞാൻ പങ്ക് വെയ്ക്കാം
സ്വപ്നങ്ങളൊക്കെയും പങ്ക് വെയ്ക്കാം
ദുഃഖഭാരങ്ങളും പങ്ക് വെയ്ക്കാം

എൻ ആശകൾ നിരാശകൾ
വേദനിക്കും ഓർമ്മകൾ
വികാര വിചാരങ്ങൾ പങ്ക് വെയ്ക്കാം
എല്ലാം അറിയുന്ന നിൻ പാദേ കാഴ്ചയേകാം

എനിക്കായ് ചിന്തിയ
നിൻ തിരുചോരയാലെ
എന്നെ നീ പൂർണ്ണമായ് ശുദ്ധമാക്കൂ
വിശുദ്ധിയിൽ എന്നെന്നും
നിലനിൽക്കാനായ് നിൻ ആത്മാവാലെന്നും
നിറച്ചീടണം വരങ്ങളും കൃപകളും തന്നീടണം
സ്വപ്നങ്ങളൊക്കെയും പങ്ക് വെയ്ക്കാം....

## മനസ്സുകളിൽ അണയാത്ത ദീപമായ്
## ഞങ്ങളുടെ പ്രിയപ്പെട്ട അപ്പനും അമ്മയും



### മുളവരിയ്ക്കൽ പൗലോ പീറ്റർ & മറിയം പീറ്റർ

**സെന്റ് ഡോമിനിക് ദൈവാലയം, ആലുവ**

ജനനം : 11.03.1904
മരണം : 03.12.1969

ജനനം : 07.12.1912
മരണം : 01.10.1975



### നെയ്യൻ അന്തോണി വർഗ്ഗീസ് & പ്രസ്തീന വർഗ്ഗീസ്

**ലൂർദ് ഭദ്രാസന ദൈവാലയം, തൃശൂർ**

ജനനം : 13.03.1918
മരണം : 26.02.2001

ജനനം : 12.06.1923
മരണം : 18.05.2005

**ജോസഫ് പീറ്റർ മുളവരിയ്ക്കൽ & പ്രേമ വർഗ്ഗീസ് നെയ്യൻ**

ഹോളിഫാമിലി യൂണിറ്റ്

Jorline Joshy
Proprietor

DRY CLEANING
AVAILABLE

fortune fashion

FOR MEN, WOMEN & KIDS

I. K. Arcade, Ayyanthole, Thrissur - 3
Ph: 9544962005, 9446464279

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നി
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# സ്നേഹസ്മരണയ്ക്ക്

## 41-ാം ചരമദിനം

## 04-10-2022



## നായങ്കര (ചാണ്ടി) ആന്റണി ഭാര്യ

# ഷൈനി

ജനനം : 08-05-1977
മരണം: 25-08-2022

പ്രാർത്ഥനാപൂർവ്വം : ഭർത്താവ് ആന്റണി
മക്കൾ: സില്ലാ ആന്റണി
ഗോഡ്‌വിൻ ആന്റണി
കുടുംബാംഗങ്ങൾ
സെന്റ് മേരീസ് യൂണിറ്റ്

[redacted]



സെപ്റ്റംബർ 8-ാം തിയ്യതി പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ദിവ്യബലി യോടെ സംഘടനാ അംഗങ്ങൾ കാഴ്ച സമർപ്പണവും നടത്തി. ദിവ്യബലിക്ക് ശേഷം മധുരം നൽകുകയും ചെയ്തു.

സെപ്റ്റംബർ 17-ാം തിയ്യതി ശനിയാഴ്ച ദിവ്യബലിയ്ക്ക് ശേഷം ഡയറക്ടർ ഫാ. ജെയ്സൺ പുന്നശ്ശേരിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്തു.

യോഗത്തിൽ പ്രമോട്ടർ സിസ്റ്റർ റീത്ത മരിയ സന്നിഹിതയായിരുന്നു. പ്രാർത്ഥന യ്ക്ക് ശേഷം പ്രസിഡന്റ് സ്വാഗതം അർപ്പിച്ചു. സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ കണക്ക് അവതരിപ്പിക്കുകയും ചെയ്തു.

രൂപത ലീജിയൻ ഓഫ് മേരിയുടെ നിർദ്ദേശപ്രകാരം 3 വർഷത്തേക്ക് കൂടി ഇപ്പോഴുള്ള ഭാരവാഹികൾ നേതൃത്വം വഹിക്കാൻ തീരുമാനമായി.

സോവനീറിൽ ഇടുന്നതിനായി സംഘടനയുടെ എല്ലാവരുടെയും ഫോട്ടോ എടുക്കുകയും ചെയ്തു.

ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. പ്രസിഡന്റ് :മേരി വർഗ്ഗീസ്, വൈ. പ്രസിഡന്റ് : കൊച്ചുത്രേസ്യ വർഗ്ഗീസ്, സെക്രട്ടറി: ഷീജ ജാക്ക്, ട്രഷറർ - ഡെയ്സി അന്തപ്പൻ.

സ്നേഹവിരുന്നും ഉണ്ടായിരുന്നു.

എന്ന്,

**ഷീജ ജാക്ക്**

**സെക്രട്ടറി, ലീജിയൻ ഓഫ് മേരി**

# ജപമാല നമ്മുടെ ഏറ്റവും നല്ല പ്രാർത്ഥന

- ഡെയ്സി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്

ഒക്ടോബർ നമുക്ക് ജപമാല മാസമാണ് പ്രത്യേകിച്ച് പരി. മാതാവിന്റെ നാമധേയത്തിലുള്ള ഇടവകയിൽ ജപമാലയാചരണം എന്താണ് ഈ ജപമാല? ജപങ്ങളും പ്രാർത്ഥനകളും കൊണ്ട് നിറഞ്ഞ മാല. യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ടു രക്ഷാകര ചരിതസംഭവങ്ങൾ ധ്യാനവിഷയവും പ്രാർത്ഥനാവിഷയവുമാക്കുന്ന ഏറ്റവും അനുഗ്രഹദായകമായ മാദ്ധ്യസ്ഥ പ്രാർത്ഥനാമഞ്ജരിയാണ് ജപമാല. പരി. അമ്മയോടൊത്തുള്ള ജപമാലയജ്ഞം തിന്മയെ അകറ്റാനും നന്മയിൽ വളരാനുമുള്ള അനുഗ്രഹിതാവസരമാണ്. മാതാവിന്റെ മാദ്ധ്യസ്ഥ ശക്തിയിലാശ്രയിക്കുമ്പോൾ നാരകീയശക്തികളും ബന്ധനങ്ങളും നമ്മിൽ നിന്ന് അകന്നുപോകും. അതിനാൽ വലിയൊരു സമരായുധമാണ് ജപമാല.

'ഇതാ നിന്റെ അമ്മ' എന്ന കുരിശിലെ മൊഴികളാൽ ലോകം മുഴുവന്റേയും മാതാവായി ഉയർത്തപ്പെട്ട യേശുവിന്റെ അമ്മയായ പരി. മറിയത്തോട് ചേർന്നുള്ള ഈ പ്രാർത്ഥയുടെ സ്വർഗ്ഗീയ മൂല്യവും പ്രസക്തിയും ഏറെയാണ്. അമ്മയുടെ മടിയിലിരുന്ന് പിതാവിനോട് സംഭാഷണം ചെയ്യുന്ന ഒരു നിഷ്കളങ്ക പൈതലിന്റെ ആനന്ദവും ആശ്വാസവും വലിയ പ്രത്യാശയും ഉണ്ട് ജപമാല പ്രാർത്ഥനയ്ക്ക്. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന അനേകം മക്കളുടെ കൂടെ നമുക്കും ചേരാം. ജപമാല ഭക്തിയാൽ നമുക്കും ശക്തരാകാം. അമ്മയുടെ സൈന്യത്തിൽ നമുക്കും അണി ചേരാം. അങ്ങനെ നമ്മുടെ കുടുംബങ്ങളെ നാടിനെ സുഗന്ധപൂരിതമാക്കാം, പ്രത്യേകിച്ചും ഈ ഒക്ടോബർ മാസത്തിൽ ഇടവകയിൽ നടക്കുന്ന ജപമാല പ്രാർത്ഥനകളിൽ നമുക്കും പങ്കുചേരാം.


## St Mary's Assumption Church Ayyanthole Mariyanadham Parish Bullettin

### Advts. New Tariff Rates

**Multi-colour Advts.**

| | |
|---|---|
| Front Inner Cover Page | : Rs. 2000/- |
| Back Inner Cover Page | : Rs. 1800/- |
| Back Cover Page | : Rs. 2800/- |
| Centre Spread Two Pages | : Rs. 3200/- |
| Inside Any Full Page | : Rs. 1500/- |
| Inside Any Half Page | : Rs. 750/- |

**Black & White Advts.**

| | |
|---|---|
| Inside Any Full Page | : Rs. 900/- |
| Inside Any Half Page | : Rs. 500/- |

**Discounts**

One year Colour / B&W Advts. : 10%

ഒക്ടോബർ

# ലോഗോസ് ക്വിസ് 2022

പാഠ്യഭാഗം - ജോഷ്വ 3-16

അധ്യായവും വാക്യവും എഴുതുക

1. മോശ അവകാശമൊന്നുംകൊടുക്കാതിരുന്നത് ഏത് ഗോത്രത്തിനാണ്?
2. ബാഷാൻ രാജാവായ ഓഗിന്റെ രാജ്യം മുഴുവനു മോശ കൊടുത്തതാർക്ക്?
3. കെനീസ്യനായ യഹുന്നയുടെ മകൻ ആര്?
4. എന്നാൽ ഗേസറിൽ വസിച്ചിരുന്ന കാനാന്യരെ അവർ തുരത്തിയില്ല. അവർ ഇന്നും...... ചെയ്തു വസിക്കുന്നു.
5. യൂദാഗോത്രത്തിന്റെ ഇടയിൽ കിരിയാത്ത് അർബ്ബാ - ഹെബ്രോൺ കൊടുത്തതാർക്ക്
6. അനാക്കിമിന്റെ സന്തതികൾ ആരൊക്കെ?
7. കാലെബിന്റെ സഹോദരൻ ആര്?
8. അക്സാക്ക് കാലെബ് എവിടെയുള്ള നീരുറവകളാണ് കൊടുത്തത്?
9. ഹെബ്രോണിന്റെ ആദ്യത്തെ പേര്?
10. റൂബൻ ഗോത്രത്തിന്റെ പശ്ചിമ അതിർത്തി?

## സെപ്റ്റംബർ മാസത്തെ ലോഗോസ് ക്വിസിന്റെ ഉത്തരങ്ങൾ

**പ്രഭാഷകൻ 23-26, മർക്കോസ് 9-16, 1 കോറി 9-16**

1. പതിവായി ആണയിടുന്നവന്റെ
2. ക്രോധം ക്ഷണിച്ചു വരുത്തുന്നു
3. ഈന്തപ്പന പോലെ
4. വെറുക്കുന്നവന്റെആക്രമണത്തേക്കാളും, ശത്രുക്കളുടെ പ്രതികാരത്തെക്കാളും വലുതായി
5. ഭർത്താവിനെ ബഹുമാനിക്കുന്ന ഭാര്യ
6. അതു മുറിച്ചു കളയുക
7. മർക്കോസ് (13: 24-25)
8. അഞ്ച്
9. 1 കോറിന്തോസ് (13: 2)
   എനിക്ക് പ്രവചന വരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും സകല വിജ്ഞാനവും, മലകളെ മാറ്റാൻ തക്കവിശ്വാസവും എനിക്കുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല.
10. നിങ്ങളുടെ സമ്മേളനങ്ങൾ ശിക്ഷാവിധിക്കേ ഉപകരിക്കുകയുള്ളൂ.

## 2022 സെപ്റ്റംബർ മാസത്തെ ലോഗോസ് മാസത്തെ ലോഗോസ് ക്വിസിലെ ശരിയുത്തരമയച്ചവർ

1. മേരി രാജു - സെന്റ് സേവിയേഴ്സ് യൂണിറ്റ്
2. ഡെയ്സി അന്തപ്പൻ - സെന്റ് മേരീസ് യൂണിറ്റ്
3. ആർദ്ര ജോമോൻ - സെന്റ് പീറ്റർ യൂണിറ്റ്
4. സിറിൽ ജോമോൻ - സെന്റ് പീറ്റർ യൂണിറ്റ്

നറുക്കെടുപ്പിലൂടെ ലോഗോസ് ക്വിസ് വിജയിയായത്

**സിറിൽ ജോമോൻ**

**സെന്റ് പീറ്റർ യൂണിറ്റ്**

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

# അഭിനന്ദനങ്ങൾ

**ലോക മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിന് അയ്യന്തോൾ ഇടവകകാരനും.**



ലോക മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ മത്സരിക്കാൻ ഇത്തവണ അയ്യന്തോൾ ഇടവകാംഗവും സെന്റ് അൽഫോൺസ യൂണിറ്റ് അംഗവുമായ പുന്നമൂട്ടിൽ ചാക്കോ ജോസഫിന്റെ മകൻ **ജേക്കബ്ബ് ജോസഫ്** ആണ് ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടത്. ഡിസംബർ 1 മുതൽ 10 വരെ അമേരിക്കയിലെ ഫ്ളോറിഡയിലാണ് മത്സരം. ലോകത്തിലെ മിക്ക രാജ്യങ്ങളും പങ്കെടുക്കും.

**എല്ലാ മാസവും 20 – ാം തിയ്യതിക്കു മുമ്പായി മരിയനാദം ബുള്ളറ്റിനിലേയ്ക്ക് മതബോധനം, കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ പ്രതിനിധി വാർത്തകൾ, ലേഖനങ്ങൾ, കഥകൾ, കവതികൾ, മറ്റു വാർത്തകൾ നൽകേണ്ടതാണ്**

# ജപമാല ബാങ്ക്

[redacted]



വർഷ ചെറിൻ, സെന്റ് സേവിവേഴ്സ് യൂണിറ്റ്

കൂട്ടുകാരെ,

ഈ ഒക്ടോബർ മാസം നമുക്ക് കൊന്തയുടെ ഒരു എസ്.ബി. അക്കൗണ്ട് തുറന്നാലോ. നിങ്ങളെല്ലാവരും എന്നോട് ചേർന്ന് നിൽക്കുമല്ലോ. എങ്ങിനെയാണിത് ആരംഭിക്കുക? നമ്മുടെ വീടുകളിൽ ജപമാലകൾ ചൊല്ലാറുണ്ടല്ലോ, അക്കൗണ്ട് തുടങ്ങുന്ന ദിവസം വീട്ടിൽ ഒരു പ്രഖ്യാപനം നടത്തുക. ഇന്നത്തെ കുടുംബ പ്രാർത്ഥനയിൽ നാം അഞ്ചുപേരും ചൊല്ലിയ ജപമാലകൾ ഓരോരുത്തരുടേയും പേരിൽ ഡെപ്പോസിറ്റ് ചെയ്യുന്നു. ഇനി മുതൽ ഓരോരുത്തരും കൂട്ടായും പ്രത്യേകമായും ചൊല്ലുന്ന ജപമാലകൾ അവരവരുടെ അക്കൗണ്ടിൽ ചേർക്കും, ഇവ ഒരു ബുക്കിൽ എഴുതി സൂക്ഷിക്കണം. ഇതെല്ലാം സ്വർഗ്ഗത്തിലെ ഡെപ്പോസിറ്റായി മാറും ഇവിടത്തെ ബാങ്ക് അക്കൗണ്ടുകൾ പോലെ അല്ല. ജീർണിച്ചു പോവില്ലാ.

ഇനിയാണ് ഇത് എങ്ങിനെ വിനിമയം ചെയ്യേണ്ടതെന്ന് തീരുമാനിക്കുക. ആരെങ്കിലും രോഗം മാറാൻ വീട് പണിയാൻ, ജോലി കിട്ടാൻ, പഠിക്കാൻ സാധിക്കുന്നില്ല, വിവാഹം നടക്കുന്നില്ല, കുഞ്ഞുങ്ങളില്ല, നോക്കാനാളില്ലാത്ത അവസ്ഥ തുടങ്ങി ഓരോ നിയോഗങ്ങളുമായി നിങ്ങളെ സമീപിക്കുമ്പോൾ ഇങ്ങനെ ചെയ്യുക. പ. അമ്മേ എന്റെ ഡെപ്പോസിറ്റിലെ 20 കൊന്ത ഇയാളുടെ നിയോഗ സാധ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. സാധിച്ചു കൊടുക്കണമേ. കൂടാതെ ഇയാളോട് പറയുക ദിവസവും 1 കൊന്ത പ്രത്യേകം ചൊല്ലി കാഴ്ച വയ്ക്കുക. ദിവസങ്ങൾക്കകം ഈ കാര്യം സാധിക്കുന്നതായി മാതാവ് നിങ്ങൾക്കു വെളിപ്പെടുത്തിത്തരും.

എന്താ കൂട്ടുകാരേ ഇന്നു തന്നെ നമുക്കീ ഈ ജപമാല ബാങ്ക് തുടങ്ങാം. ബ്ലഡ് ബാങ്ക്, മുലപ്പാൽ ബാങ്ക് തുടങ്ങിയ എല്ലാ ബാങ്കുകളേയും വെല്ലുന്ന മറ്റൊരു ബാങ്ക്!

[redacted]



തൃശ്ശൂർ ജില്ലാ ഹോസ്പിറ്റൽ അധികാരികളും അയ്യന്തോൾ സെന്റ് വിൻസെന്റ് ഡി പോൾ, സെന്റ് മേരീസ് കോൺഫ്രൻസും നമ്മുടെ പള്ളിയിൽ 25-09-2022 ൽ സംയുക്തമായി നടത്തിയ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് വികാരിയച്ചൻ ഉദ്ഘാടനം ചെയ്യുന്നു.

[redacted]

# കഴുതക്കുണ്ടോ തലച്ചോറ് ?

**അഡ്രിൻ ബ്രൂസ്**
8-ാം ക്ലാസ്, സെന്റ് തോമാസ് യൂണിറ്റ്

സിംഹരാജന്റെ മന്ത്രിസ്ഥാനം കിട്ടിയതിൽ കുറുക്കന് അതീവ സന്തോഷമായി. മറ്റുള്ളവർ തന്നെ ബഹുമാനിക്കും, ഭക്ഷണവും അധ്വാനിക്കാതെ ഒപ്പിക്കാം. രാജാവിന്റെ ബാക്കിയായാലും കുഴപ്പമില്ല.

ഒരുദിവസം സിംഹരാജന് തീരെ സുഖമില്ലാതായി. കുറുക്കൻ കടുവ വൈദ്യനെ വിളിച്ചുവരുത്തി. കഴുതയുടെ തലച്ചോറ് തിന്നാനായിരുന്നു വൈദ്യൻ നിശ്ചയിച്ച പ്രതിവിധി. തനിക്കിപ്പോൾ പണികിട്ടുമെന്ന് പ്രതീക്ഷിച്ച കുറുക്കന്റെ കണക്കുകൂട്ടലുകൾ ഒന്നും തെറ്റിയില്ല. കഴുതയെ കണ്ടെത്തേണ്ട ചുമതലയും കുറുക്കന്റെ ചുമലിലായി. കഴുതയെ പിടിക്കാൻ നടന്ന കുറുക്കന് അധ്വാനഭാരം എന്തെന്ന് മനസ്സിലായി. ഇതുവരെ മന്ത്രിക്കസേരയിലിരുന്നു രാജാവിന്റെ ഭക്ഷണത്തിന്റെ ബാക്കി അകത്താക്കി ഉറങ്ങിയാൽ മതിയായിരുന്നു. നടന്നുക്ഷീണിച്ച കുറുക്കൻ ഒരു കഴുതയെ വാക്കിൽ കുരുക്കി. പോകുംവഴി പറഞ്ഞു. നമ്മുടെ പ്രിയപ്പെട്ട സിംഹരാജന് കടുത്ത അസുഖമാണ്. ചാകും മുമ്പ് പ്രജകളെ കാണാൻ മോഹമാണത്രേ. ഇതുകേട്ട് പാവം കഴുത സങ്കടത്തോടെ രാജാവിനെ മുമ്പിലെത്തി. കാര്യങ്ങൾ മനസ്സിലാകും മുമ്പേ പെട്ടെന്നായിരുന്നു സിംഹത്തിന്റെ ആക്രമണം. കഴുത വടിയായി കുറുക്കൻ തന്റെ കൗശലം വീണ്ടും സിംഹത്തോടായി. രാജാവ് പോയി ദേഹശുദ്ധി വരുത്തിവാ. ഞാനിവിടെ കാവലിരിക്കാം. ആ തക്കത്തിന് കുറുക്കൻ കഴുതയുടെ തലച്ചോറ് അകത്താക്കി. ഒന്നും സംഭവിക്കാത്തപോലെ ഉറക്കം തൂങ്ങിയിരുന്നു. സിംഹം ഉഷാറായി തലച്ചോറ് ഭക്ഷിക്കാൻ വട്ടംകൂട്ടി. ഹേ, ഈ കഴുതയുടെ തലച്ചോറെവിടെ, കാണുന്നില്ലല്ലോ. അപ്പോഴും കുറുക്കന് മറുപടിയുണ്ട്. സിംഹരാജാ, ഇപ്പോഴാ ഞാനോർത്തത് കഴുതക്ക് തലച്ചോറില്ലല്ലോ എന്ന്. അതല്ലെ ബുദ്ധിയില്ലാത്ത കഴുത എന്നു പറയുന്നത്. അങ്ങനെ കുറുക്കൻ സിംഹത്തേയും വിഡ്ഢിയാക്കി.

കൂട്ടുകാരെ ദൈവത്തോട് അഭിപ്രായം ആരാഞ്ഞശേഷം വേണം മറ്റുള്ളവരോട് കൂട്ടുചേരാൻ. അവിടുത്തോട് ചേർന്ന് നിന്നാൽ നമ്മൾ ചതിയിൽ വീഴില്ല. അവിടുന്ന് നമ്മോടും ചേർന്നുനിൽക്കും.



# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം | മാമ്മോദീസ |
|---|---|---|
| * 23-2022<br>11-01-2022 | വടക്കേത്തല കറുത്തേടത്ത് പറമ്പിൽ നിഖിൽ ജോർജ്ജ് + മനിഷ മകൾ എലിസബത്ത് നഥാനിയ നിഖിൽ | 17-09-2022 |

# ഞങ്ങൾ ഒന്നായി

**വിവാഹതീയതി** **പേര്, വിലാസം**

* 04-09-2022 അയ്യന്തോൾ ഇടവക ചുങ്കത്ത് ജാക്ക് & ഷീജ മകൾ എയ്ഞ്ചൽ മരിയ

മച്ചാട് ഇടവക ചിറയത്ത് സണ്ണി & ഓമന മകൻ ജെൻസൺ

# ഇടവകയിൽ നിന്നും മാറി പോയവർ

* 01-09-2022 വെള്ളറ ചാക്കുണ്ണി മകൻ ഷാജു & കുടുംബം (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) -പാലയ്ക്കൽ ഇടവക
* 01-09-2022 പടുതല ദേവസ്സി ജോസ് & കുടുംബം (സെന്റ് സേവിയേഴ്സ് യൂണിറ്റ്) പുല്ലഴി ഇടവക

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| * 28-09-2022 | പുളിക്കൻ ചാക്കുണ്ണി കൊച്ചപ്പൻ (70) വയസ്സ്) സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് |
| * 28-09-2022 | കുണ്ടുകുളം ജോർജ്ജ് ഷാജു (55 വയസ്സ്) സെന്റ് ജോൺസ് യൂണിറ്റ് |

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ഒക്ടോബർ 25-ാം തിയ്യതിക്കുമുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

**ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.**

**(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)**



സെപ്റ്റംബർ മാസത്തെ
ചായകൂട്ട് മത്സര വിജയി

**മിൽന ടോണി,**

**സെന്റ് ജോസഫ് യൂണിറ്റ്**




TT DEVASSY

JEWELLERS

FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR

+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393